കയർ വ്യവസായ മേഖലയിലെ സഹകരണ സംഘങ്ങൾ

105 (2554) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ കയർ വ്യവസായ രംഗത്ത് എത്ര പ്രാഥമിക സഹകരണ സംഘങ്ങളാണ് നിലവിലുള്ളത് ;

(ബി) ഇതിൽ പ്രവർത്തനരഹിതമായ എത്ര സംഘങ്ങളാണുള്ളത് ;

(സി) പ്രവർത്തന രഹിതമായ കയർ വ്യവസായ സഹകരണ സംഘങ്ങളിൽ എത്രയെണ്ണം പുനരുദ്ധരിപ്പിക്കുവാൻ കഴിയുമെന്നാണ് കരുതുന്നത് ;

(ഡി) ഇവയെ പുനരുദ്ധരിപ്പിക്കുന്നതിനുവേണ്ടി എന്തെല്ലാം സഹായങ്ങൾ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ട് ;

(ഇ) ഏതെല്ലാം പ്രവർത്തനരഹിത സംഘങ്ങൾക്കാണ് ഇതിന്റെ ഗുണം ലഭിക്കുക എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ആകെ 606 സഹകരണ സംഘങ്ങളുണ്ട്.

(ബി) 109 സംഘങ്ങൾ.

(സി) കണക്കാക്കിയിട്ടില്ല.

(ഡി) പ്രവർത്തനരഹിതവും പീഡിതവുമായ കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി അംഗീകരിച്ച പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലെ അവയുടെ പ്രവർത്തന പുനരുദ്ധാരണം സാധിക്കുകയുള്ളു.

(ഇ) രോഗഗ്രസ്ഥമായതും ഏറ്റവും അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി പുനരുദ്ധാരണ സാദ്ധ്യതയുള്ളതുമായ സംഘങ്ങൾക്ക് ഇതിന്റെ ഗുണം ലഭിക്കും.

സംസ്ഥാനത്ത് ഇപ്പോൾ പ്രവർത്തിക്കുന്ന തൊണ്ടുതല്ലൽ മെഷീനുകൾ

105 (2555) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. വി. ബാലറാം :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര തൊണ്ടുതല്ലൽ മെഷീനുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഇവ അഴുകിയ തൊണ്ടുപയോഗിച്ച് ഗോൾഡൻ ഫൈബർ ഉണ്ടാക്കുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ പച്ചത്തൊണ്ടിൽ നിന്ന് ചകിരി വേർപ്പെടുത്തുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കൂടുതൽ തൊണ്ടുതല്ലൽ യന്ത്രങ്ങൾ അനുവദിക്കാനുദ്ദേശ്യമുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഇ) എങ്കിൽ സ്വകാര്യ മേഖലയിലാണോ സഹകരണ മേഖലയിലാണോ ഇവ അനുവദിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സഹകരണമേഖലയിൽ 35 എണ്ണം.

(ബി) ഇല്ല.

(സി) ഉണ്ട്.

(ഡി) ഉണ്ട്. സഹകരണമേഖലയിൽ ഐ.സി.ഡി.പി. പ്രകാരം ആരംഭിച്ച 58 ഡിഫൈബറിംഗ് മില്ലുകളിൽ 35 എണ്ണം കമ്മീഷൻ ചെയ്തു. ബാക്കിയുള്ളവ കമ്മീഷൻ ചെയ്തിട്ടില്ല.

(ഇ) സ്വകാര്യ മേഖലയിൽ അനുവദിക്കുന്നതാണ്. ഇതിന് പ്രത്യേക ധനസഹായം നല്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചുവരുന്നു.

കോഴിക്കോട് ജില്ലയിലെ ഏലത്തൂർ, തലക്കുളത്തൂർ, അത്തോളി, ഉള്ളിയേരി പഞ്ചായത്തുകളിൽ കരാർ സഹകരണ സംഘങ്ങൾ

107 (2556) ശ്രീ എ. സി. ഷൺമുഖദാസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ഏലത്തൂർ, തലക്കുളത്തൂർ, അത്തോളി, ഉള്ളിയേരി പഞ്ചായത്തുകളിൽ എത്ര കയർ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട് എന്നു വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത സൊസൈറ്റികളിലെല്ലാമായി എത്രപേർ ഷെയർ എടുത്തിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ;

(സി) ഇതിൽ എത്രപേർ ഇപ്പോൾ ജോലി ചെയ്തു വരുന്നുണ്ട് എന്ന് വെളിപ്പെടുത്താമോ ;

(ഡി) ഓരോ സൊസൈറ്റിയിലേയും ഷെയർ ഉടമസ്ഥരുടെയും ജോലി ചെയ്തു വരുന്നവരുടെയും ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഏലത്തൂർ, തലക്കുളത്തൂർ, ഉള്ളിയേരി പഞ്ചായത്തുകളിൽ നാല് വീതവും അത്തോളി പഞ്ചായത്തിൽ മൂന്നും കയർ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 8343 പേർ.

(സി) 1440 മെമ്പർമാർ തൊഴിലാളികളായി ഉണ്ട്.

(ഡി) അനുബന്ധമായി ചേർത്തിട്ടുണ്ട്*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly